**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 - 12ാം ഗഡു പൊതു ആവശ്യ ഫണ്ട് അനുവദിച്ചതിൽ നിന്നും ഇ.എം.എസ്. ഭവനവായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ പ്രാദേശിക സർക്കാരുകളിൽ നിന്നും ഈടാക്കിയ തുക – വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് അടവാക്കിയതിനാൽ ഈടാക്കിയ തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 3204/2021/ധന. തീയതി, തിരുവനന്തപുരം, 30 മാർച്ച് 2021

---

പരാമർശം. 1) സ.ഉ. (സാധാ) നം.2003/2021/ധന തീയതി 03/03/2021
2) വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12/01/2021 ലെ കത്ത്
3) കേരള ബാങ്ക് ജനറൽ മാനേജറുടെ 25/03/2021 ലെ KSCB/CCM&R/RCS/4952/2020-21 നമ്പർ കത്ത്

**ഉത്തരവ്**

പ്രാദേശിക സർക്കാരുകൾക്ക് 2020-21 സാമ്പത്തിക വർഷത്തെ 12ാം ഗഡു പൊതുആവശ്യ ഫണ്ട് പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇ.എം.എസ് ഭവന വായ്പ പദ്ധതിക്കായി സർക്കാർ ഗ്യാരന്റിയിൽ വിവിധ സർവ്വീസ് സഹകരണ ബാങ്കുകൾ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വായ്പകളുടെ മുതൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ പൊതു ആവശ്യ ഫണ്ടിൽ നിന്നും കുടിശ്ശിക തുക മേൽ ഉത്തരവ് പ്രകാരം ഈടാക്കിയിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയുടെ മുതൽ തിരിച്ചടവ് മുഴുവനായും വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് പരാമർശം 2) പ്രകാരം ഒടുക്കിയിട്ടുണ്ടെന്നറിയിച്ചതിനെ തുടർന്ന് കേരള ബാങ്കിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ടി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്ന ഇ.എം.എസ് ഭവനവായ്പ മൊത്തം തുകയും 0312/2020 ൽ അടവാക്കിയിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ പരാമർശം(1) പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച പന്ത്രണ്ടാം ഗഡു പൊതു ആവശ്യ ഫണ്ടിൽ നിന്നും ഇ.എം.എസ് ഭവനവായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ തുകയായി വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിൽ (G041102) നിന്നും ഈടാക്കിയ 11,56,700/- രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തി ആറായിരത്തി എഴുന്നൂറ് രൂപ മാത്രം). തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

3) ഇ.എം.എസ് ഭവന വായ്പ പദ്ധതിക്കായി സർക്കാർ ഗ്യാരന്റിയിൽ വിവിധ സർവ്വീസ് സഹകരണ ബാങ്കുകൾ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വായ്പകളുടെ മുതൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ പൊതു ആവശ്യ ഫണ്ടിൽ നിന്നും കുടിശ്ശിക തുകയായി 1,28,18,947/- രൂപ (ഒരു കോടി ഇരുപത്തി എട്ട് ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി നാല്പത്തി ഏഴ് രൂപ മാത്രം) താഴെ പറയും പ്രകാരമുള്ള കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് കേരള ബാങ്ക് മുഖ്യ കാര്യാലയത്തിന്റെ അക്കൗണ്ടിലേക്ക് ഒടുക്കുവാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

| പ്രാദേശിക സർക്കാർ തലവും പിൻവലിക്കേണ്ട കണക്ക് ശീർഷകവും | 31/10/2020 കുടിശ്ശികയായ ഇ.എം.എസ് ഭവന വായ്പ മുതൽ തിരിച്ചടവ് തുക | ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം | |
|---|---|---|---|
| | | Name of Beneficiary | The Kerala State Co-operative Bank Ltd |
| **മു.കോർപ്പറേഷൻ** 3604-00-200-88-(01)-35 | 0 | Account No. | **99828002013001** |
| **മുനിസിപ്പാലിറ്റി** 3604-00-200-88-(02)-35 | 2250284 | RTGS/NEFT | KSBK0000101 |
| **ജില്ലാ പഞ്ചായത്ത്** 3604-00-200-88-(03)-35 | 0 | Type of Account | Parking Account |
| **ബ്ലോക്ക് പഞ്ചായത്ത്** 3604-00-200-88-(04)-35 | 78719 | Name of Branch | Head Office, Palayam, Thiruvananthapuram |
| **ഗ്രാമ പഞ്ചായത്ത്** 3604-00-200-88-(05)-35 | 10489944 | | |
| **ആകെ** | **12818947** | Amount to be transfer credited | **₹12818947/-** |

4) പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി. തലവൂർ ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, ക[illegible]ിക്കുഴി ബ്ലോക്ക് പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ജനറൽ മാനേജർ, കേരള ബാങ്ക്, ഹെഡ് ഓഫീസ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് ( (www.finance.kerala.gov.in)
ഡി.ഡി.ഒ, ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ബജറ്റ് -കെ/ ഡെവലപ്. വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1732758)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ